

ഖലീഫതുൽ മസീഹ് അൽ ഖാമിസ്

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ 2011 ജൂൺ 10 (No 23)**

**ഹദ്റത് ഖലീഫതുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ**



ബൈതുൽ ഫുതൂഹ്, ലണ്ടൻ

# ഖിലാഫത്തും മുജദ്ദിദിയത്തും

## അവസാന സഹസ്രാബ്ദത്തിലെ മുജദ്ദിദ്

മെയ് 27ന് നൽകിയിരുന്ന ഖുത്വ്ബ പ്രഭാഷണത്തിൽ ഞാൻ വിശുദ്ധ ഖുർആന്റെയും നബി (സ) യുടെ പ്രവചനത്തിന്റെയും വാഗ്ദ ത്ത മസീഹ്(അ)ന്റെ ഉദ്ധരണികളുടെയും അടിസ്ഥാനത്തിൽ ഇപ്പോൾ നിലനിന്നുവരുന്ന ഖിലാഫത്ത് സംവിധാനത്തെ കുറിച്ച് സംസാരിച്ചിരുന്നു. മുജദ്ദിദുമാരെ കുറിച്ചും അപ്പോൾ ഞാൻ പറയാൻ ആഗ്രഹിച്ചതായിരുന്നു. എന്നാൽ അത് അൽപം വിശദീകരണം അർഹിക്കുന്നതും മറ്റുചില ഉദ്ധരണികൾ കൂടി പരിശോധിക്കേണ്ടിയിരുന്നതുകൊണ്ട് അന്ന് ഞാനത് വിവരിച്ചിരുന്നില്ല. എന്നാൽ ഇന്ന് ആ വിഷയം പ്രതിപാദിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

വഖ്ഫെനൗ ക്ലാസ്സ് എടുക്കുമ്പോൾ ഒരുകുട്ടി കുറച്ചുമുമ്പ് ഒരു ചോദ്യം ഉന്നയിച്ചു, ഇനിയും മുജദ്ദിദ് വരുമോ. ഈ ചോദ്യം ചില വീടുകളിൽ നിന്നും ഉയരുന്നതാണെന്ന് എനിക്ക് മനസ്സിലായി. കാരണം ഒരു കുട്ടിയുടെ മനസ്സിൽ ഇങ്ങനെ ഒരു ചോദ്യം ഉദിക്കുന്നതല്ല. അതുമല്ലെങ്കിൽ ജമാഅത്തിലെ യുവതലമുറയിലും കുട്ടികളിലും അസ്വസ്ഥത പരത്താൻ ആഗ്രഹിക്കുന്ന ചില കുബുദ്ധികൾ ഈ ചോദ്യം അവരുടെ മുമ്പിൽ ഉയർത്തിയതാകാം. തിരുനബി(സ) ഓരോ നൂറ്റാണ്ടിലെ തലക്കലും മുജദ്ദിദ്വരും എന്ന് പറഞ്ഞതായി ഹദീസിൽ കാണുന്നുണ്ട് ജമാഅത്തിൽ വിവിധ സന്ദർഭങ്ങളിലായി ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ജമാഅത്തിനോട് ആത്മാർത്ഥത ഉള്ളവരല്ല ഈ ചോദ്യം ഉന്നയിക്കുന്നത്. മറിച്ച് ജമാഅത്തിനകത്ത് ഛിദ്രത ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവരാണ് ഈ പ്രശ്നം ഇടക്കിടക്ക് ഉയർത്താറുള്ളത്. ഹ: ഖലീഫത്തുൽ മസീഹ് സാനി(റ) ഇതു സംബന്ധമായി വിവിധ സമയങ്ങളിൽ വെളിച്ചം വീശിയിട്ടുണ്ട്. മൂന്നാം ഖിലാഫത്ത് കാലത്ത് ഈ പ്രശ്നം വളരെ ശക്തമായ രീതിയിൽ തന്നെ ഉന്നയിക്കപ്പെട്ടിരുന്നു. ഹ:ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) വിവിധ ഖുത്വ്ബകളിൽ ഈ വിഷയത്തെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. നാലാം ഖിലാഫത്ത് കാലത്ത് ഖലീഫത്തുൽ മസീഹ് നാലാമനോട് ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ഈ വിഷയം ഇടക്കിടക്ക് പൊങ്ങി വന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. കാപട്യത്തിന്റെ പ്രകൃതമുള്ളവർ ഇതുമുഖേന ജമാഅത്തിനകത്ത് അസ്വസ്ഥത ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഖിലാഫത്തും മുജദ്ദിദിയ്യത്തും തമ്മിലുള്ള വ്യത്യാസം എന്ത് എന്ന വിഷയത്തെക്കുറിച്ച് അറിവ് നേടുക എന്ന പുകമറ സൃഷ്ടിച്ചുകൊണ്ട് തന്ത്രപൂർവ്വമാണ് അവർ ഇത് ചർച്ച ചെയ്യുന്നത്. എന്നാൽ ഇതിന്റെ പിന്നിൽ മറ്റു ദുരുദ്ദേശ്യങ്ങളാണുള്ളതെന്ന് വ്യക്തമായിട്ടുള്ളതാണ്. പ്രത്യേകിച്ച് മൂന്നാം ഖിലാഫത്ത് കാലത്ത് ഈ പ്രശ്നം ഉന്നയിക്കുന്നതിന്നു പിന്നിൽ ഒരു ഫിത്ന ഉണ്ടായിരുന്നു എന്ന് വ്യക്തമായതാണ്. എന്തുതന്നെയായാലും അല്ലാഹു ഹ:വാഗ്ദത്ത മസീഹ് (അ) നോട് അദ്ദേഹത്തിന് ശേഷം ഖിലാഫത്ത് ഉണ്ടാകുമെന്നും അതിന്റെ സ്ഥാപനത്തിനായി അല്ലാഹു തന്റെ അത്ഭുത ശക്തി പ്രഭാവം പ്രകടമാക്കുന്നതാണെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇങ്ങിനെയുള്ള ഫിത്നകൾ തല ഉയർത്തിയപ്പോഴൊക്കെ അല്ലാഹു തന്റെ കൃപാകടാക്ഷത്താൽ അതെല്ലാം നീക്കിക്കളയുകയുണ്ടായി. ജമാഅത്തിന്റെ ഭൂരിഭാഗവും ഇക്കൂട്ടരോടൊപ്പം നിന്നില്ല. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ കാലത്ത് കുഴപ്പമുണ്ടാക്കാൻ ശ്രമിച്ച തരത്തിൽ ഈ ഫിത്ന ഇന്നില്ലെങ്കിലും ഇപ്പോഴും അല്ലറചില്ലറ ചോദ്യങ്ങൾ ഇടക്ക് ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് ഈ വിഷയത്തെ അൽപം വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

തിരുനബി(സ) ഓരോ നൂറ്റാണ്ടിലും മതപരിഷ്കരണാർത്ഥം മുജദ്ദിദുമാർ വരും എന്ന് പറഞ്ഞിട്ടുണ്ട് എന്നതിൽ ഒരു സംശയവുമില്ല. നബി (സ) ഉപയോഗിച്ച വാക്കിൽ ഏകവചനം മാത്രമല്ല ബഹുവചനവും അർത്ഥമാക്കാവുന്നതുമാണ്. ഈ ഹദീസിനെ ഹ:മസീഹ് മൗഊദ് (അ) തന്റെ വാദത്തിന്റെ സത്യസാക്ഷ്യത്തിനായി എടുത്ത് ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഞാനും ഹ:മസീഹ് മൗഊദ് (അ) ന്റെ ചില ഉദ്ധരണികൾ നിങ്ങളുടെ മുമ്പാകെ വെക്കാൻ ആഗ്രഹിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ആ മഹാത്മാവിന്റെ നിർദേശങ്ങളും ലിഖിതങ്ങളും കുറേ ഉണ്ട്. അതെല്ലാം ഇവിടെ വിവരിക്കാൻ കഴിയില്ല. എന്നിരുന്നാലും ചില ഉദ്ധരണികൾ ഞാൻ പറഞ്ഞതുപോലെ കേൾപ്പിക്കാം. ഇവയെ സശ്രദ്ധം വീക്ഷിക്കുകയാണെങ്കിൽ ഭാവിയിൽ വരാൻ പോകുന്ന മുജദ്ദിദുമാരെക്കുറിച്ചും കാര്യം വ്യക്തമാകുന്നതാണ്. വാഗ്ദത്ത മസീഹ്(അ) പറയുന്നു:

“എന്നാൽ ദൈവം ഇസ്ലാമിന്റെ നേരെ അത്തരം ഒരു സമീപനമല്ല സ്വീകരിച്ചത്. ഈ തോട്ടം നിത്യഹരിതമായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു. തന്നിമിത്തം അവൻ എല്ലാ നൂറ്റാണ്ടി

ന്റെയും തലയ്ക്കൽ ഈ തോട്ടത്തിൽ വെള്ളം നനയിക്കുന്നതിന്നും അതു ഉണങ്ങിവരണ്ടു പോകുന്നതിൽ നിന്നും പരിരക്ഷിക്കുന്ന തിന്നും ഏർപ്പാടു ചെയ്യുകയും ചെയ്തു. എന്നാൽ ഓരോ നൂറ്റാണ്ടി ന്റെയും തലയ്ക്കൽ മത നവീകരണത്തിൽ ഒരു ദൈവദാസൻ നിയോ ഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അദ്ദേഹത്തെ എതിരിടാൻ മുതി രുന്നു. തങ്ങളുടെ ആചാരങ്ങളും ശീലങ്ങളുമായി മാറിക്കഴിഞ്ഞ തെറ്റു കുറ്റങ്ങൾ തിരുത്തപ്പെടുകയെന്നത് അവർക്ക് വളരെ അസഹ്യമായി അനുഭവപ്പെട്ടു. എന്നാൽ അല്ലാഹു അവന്റെ സുന്നത്ത് ഉപേക്ഷി ച്ചില്ല. എത്രത്തോളമെന്നാൽ സന്മാർഗ്ഗവും ദുർമാർഗവും തമ്മിൽ അവ സാനയുദ്ധം നടക്കുന്ന ഈ അവസാനകാലത്ത് 14ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അഥവാ, സഹസ്രാബ്ദത്തിന്റെ തുടക്ക ത്തിൽ മുസ്‌ലിംകളെ ആലസ്യത്തിൽ അകപ്പെട്ടവരായി കാണുകയാ ൽ അല്ലാഹു തന്റെ പ്രതിജ്ഞയെ കുറിച്ച് ഓർത്തുകൊണ്ട് ഇസ്‌ലാം ദീനിനെ നവീകരിക്കാൻ പുറപ്പെട്ടു. എന്നാൽ, നമ്മുടെ നബി (സ) ക്ക് ശേഷം, മറ്റു മതങ്ങൾക്കൊന്നും ഈ നവീകരണം സിദ്ധിച്ചില്ല. ഇക്കാരണത്താൽ ആ മതങ്ങളെല്ലാം മൃതങ്ങളായിപ്പോയി. അവയിൽ ആത്മീയ ചൈതന്യം അവശേഷിക്കാതായി. ധാരാളം ഉപയോഗിച്ചു പഴകിയ അലക്കാത്ത വസ്ത്രത്തിൽ കറകൾ വീണടിയുന്നതു പോലെ അവയിലെല്ലാം ദൂഷ്യങ്ങൾ വന്നു ചേർന്നു. ആത്മീയതയെ ക്കുറിച്ച് ഒന്നും അറിയാത്തവരും നീചവൃത്തികളിൽ ഏർപ്പെട്ടു വൃത്തി കേടുകളിൽ നിന്നും വിശുദ്ധി നേടീട്ടില്ലാത്തവരുമായ ദുഷ്ടാത്മാക്കൾ തങ്ങളുടെ സ്വാർത്ഥപരമായ ആഗ്രഹങ്ങൾക്കൊത്തു ആ മത തത്വ ങ്ങളിൽ അനാവശ്യമായി കൈകടത്തുകയും അവ തികച്ചും മറ്റൊന്നാ യി മാറിപ്പോകും വിധം അവയെ മാറ്റി മറിച്ചുകളയുകയും ചെയ്തു.''

''തിരുനബി(സ)കൊണ്ടുവന്ന ആ പ്രകാശത്തെ അണയാതെ നില നിറുത്തുന്നതിന്നായി വിവിധ സന്ദർഭങ്ങളിൽ ഇസ്‌ലാമിൽ ഔലിയാ ക്കളെയും മുജദ്ദിദുമാരെയും അല്ലാഹു സൃഷ്ടിച്ചിട്ടുണ്ട്. അവർ അവ രവരുടെ വൃത്തത്തിൽ ദീനിന്റെ പ്രകാശത്തെ പരത്തിക്കൊണ്ടിരുന്നു. കാരണം ഈ മതത്തെ സ്ഥായിയായി നിലനിറുത്താൻ അവനാഗ്രഹി ക്കുന്നു. എന്നാൽ മറ്റു മതങ്ങളോട് അങ്ങനെയുള്ള ഒരു നിബന്ധന അല്ലാഹു വെക്കാതിരുന്നതുകൊണ്ട് തന്നെയാണ് പലതും ആ മത ങ്ങളിൽ കടന്നുകൂടുകയും അത് വികൃതമാവുകയും ചെയ്തത്.''

''ലോകത്തിന്റെ മൊത്തം അവസ്ഥ പരിതാപകരമാണ്. എല്ലായി ടത്തും സംസ്ക്കരണത്തിന്റെ ആവശ്യമുണ്ട്. അതുകൊണ്ട് അല്ലാഹു തആല ഇക്കാലത്ത് മസീഹ് മൗഊദ് എന്ന് നാമകരണം ചെയ്യപ്പെട്ട മുജദ്ദിദിനെ അയക്കുകയുണ്ടായി. അദ്ദേഹത്തെ ഒരു ദീർഘകാല മായി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. സർവ്വ പ്രവാചകന്മാരും അദ്ദേ ഹത്തെക്കുറിച്ച് പ്രവചനം നടത്തിയിരുന്നു. ഇതിനുമുമ്പോ കഴിഞ്ഞു പോയ ഭക്തദാസർ അദ്ദേഹത്തിന്റെ കാലഘട്ടം പ്രാപിക്കാൻ കഴി ഞ്ഞിരുന്നെങ്കിൽ എന്ന് കൊതിച്ചിരുന്നു.''

ഇവിടെ പറയപ്പെട്ട മുജദ്ദിദ് വാഗ്ദത്ത മസീഹാണ്. അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. ജനങ്ങൾ കാത്തിരുന്ന മറ്റൊരു മുജദ്ദിദും ഇല്ലതന്നെ. മസീഹ് മൗഊദിനെ മാത്രമാണ് കാത്തിരുന്നത്. മുൻ പ്രവാ ചകന്മാരും അദ്ദേഹത്തെക്കുറിച്ച് അറിയിച്ചിരുന്നു. പ്രവചനം നട ത്തിയിരുന്നു. കാരണം അദ്ദേഹത്തിന്റെ കാലഘട്ടം ഇസ്‌ലാമിന്റെ പ്രചാരണം നടക്കേണ്ട അവസാന കാലഘട്ടമാണ്. അല്ലാഹുവിന്റെ ദീനിന്റെ സന്ദേശം ലോകം മുഴുവനും എത്തുന്നതാണ്.

പറയുന്നു: ''ഇക്കാലത്തെ അവസ്ഥ കണ്ടുകൊണ്ട് ലോകത്തെ വിവിധതരം ദുർന്നടപ്പിലും കുറ്റകൃത്യങ്ങളിലും മുഴുകിയിരിക്കുന്ന തായി കണ്ടുകൊണ്ട് എന്നെ സത്യത്തിന്റെ പ്രചാരണത്തിനും മാനവ സംസ്ക്കരണത്തിനും വേണ്ടി അയച്ചിരിക്കുന്നു. ഇക്കാലത്തുള്ള ജന ങ്ങൾ 13ാം നൂറ്റാണ്ട് പിന്നിട്ട് 14ാം നൂറ്റാണ്ടിൽ പ്രവേശിച്ചിരിക്കുകയു മാണ്. അപ്പോൾ അല്ലാഹുവിന്റെ കൽപന പാലിച്ചുകൊണ്ട് പൊതു ജനങ്ങളിൽ എഴുത്തുമുഖേനയും വിജ്ഞാനങ്ങൾ മുഖേനയും പ്രഭാ ഷണങ്ങൾ മുഖേനയും ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ മത നവീകര ണത്തിന്നായി അല്ലാഹുവിന്റെ പക്കൽ നിന്നും വരേണ്ട വ്യക്തി ഞാ ൻ തന്നെയാണെന്ന് പ്രഖ്യാപിച്ചു. ഭൂമിയിൽ നിന്നും ഉയർന്നുപോയ വിശ്വാസത്തെ വീണ്ടും ഇവിടെ പുനഃസ്ഥാപിക്കുന്നതിനുണ്ടി.''

സത്യത്തിന്റെ പ്രചാരണവും ഇസ്‌ലാഹ് വരുത്തലും മുജദ്ദിദിന്റെ ജോലിയാണ്. അതേപോലെ ഉയർന്നുപോയ ഈമാനിനെ പുനഃസ്ഥാ പിക്കലും അദ്ദേഹത്തിന്റെ ജോലിതന്നെ. വിശ്വാസം ഉയർന്നുപോകും എന്നത് തിരുനബി (സ) യുടെ പ്രവചനമായിരുന്നു. ഈമാൻ സുര യ്യ വരെ ഉയർന്നുപോയാലും ഫാർസി വംശത്തിൽ നിന്നുള്ള വ്യക്തി അതിനെ തിരിച്ചുകൊണ്ടുവരുമെന്നന്നതാണ് ആ പ്രവചനം.

പറയുന്നു:''അല്ലാഹുവിൽ നിന്ന് ശക്തി കൈവരിച്ചുകൊണ്ട് അവന്റെ തിരുകരങ്ങളുടെ ആകർഷണം മുഖേന ലോകത്തേ സംസ്ക്കരണത്തിലേക്കും തഖ്‌വയിലേക്കും സാത്വികതയിലേക്കും വലിച്ചടുപ്പിക്കുന്നതാണ്. അവരുടെ തെറ്റായ വിശ്വാസവും പ്രവർത്ത നവും ദുരീകരിക്കുകയും ചെയ്യുന്നതാണ്. ഈ പ്രഖ്യാപനത്തിന് കുറ ച്ചുകാലം കഴിഞ്ഞപ്പോൾ ദൈവിക വെളിപാടുമുഖേന എനിക്ക് വ്യക്തമാക്കപ്പെട്ടത് ഈ ഉമ്മത്തിന് വേണ്ടി ആരംഭകാലം മുതൽ വാഗ്ദത്തം ചെയ്യപ്പെട്ട ആ മസീഹ്, ഇസ്‌ലാമിന്റെ ശോചനീയമായ കാലത്ത്, അധഃപതനത്തിന്റെ കാലത്ത്, അല്ലാഹുവിൽ നിന്ന് നേരിട്ട് ഹിദായത്ത് കരസ്ഥമാക്കുന്ന അവസാന കാലത്ത് പ്രത്യക്ഷപ്പെടേണ്ട ആ മഹ്ദി, ആകാശിയമായ ആത്മീയ ഭക്ഷണതളിക മാനവസമൂഹ ത്തിനു മുമ്പാകെ പുതുമയോടെ സമർപ്പിക്കുന്ന, അല്ലാഹുവിന്റെ വിധിയിൽ നേരത്തെ തീരുമാനിക്കുകയും അദ്ദേഹത്തെക്കുറിച്ചുള്ള സുവാർത്ത ഇന്നേക്ക് 1300 വർഷം മുമ്പ് റസൂൽ കരീം(സ) നൽകു കയും ചെയ്ത ആ വ്യക്തി ഞാനാകുന്നു.''

അദ്ദേഹത്തിന്റെ സ്ഥാനം വെറും മുജദ്ദിദിയ്യത്ത് മാത്രമല്ല. മഹ്ദിയ്യത്തും മസീഹിയ്യത്തും കൂടിയാണ്. ഇത് കാരണം നുബുവ്വ ത്തിന്റെ സ്ഥാനം കൂടിയുണ്ട്. പറയുന്നു: ''മഹ്ദിയുടെ കാലം നവീ കരണത്തിന്റെ കാലമാണെന്നതിൽ വല്ല തർക്കവുമുണ്ടോ? സൂര്യ ചന്ദ്രഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ സത്യതക്കുള്ള അടയാളമാണെ ന്നതിലും തർക്കമില്ല. ആ അടയാളം പ്രത്യക്ഷപ്പെട്ടു. സ്വീകരിക്കാൻ മനസ്സുള്ളവർ സ്വീകരിക്കട്ടെ.''

സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ അടയാളത്തെക്കുറിച്ച് നബി (സ) പറ ഞ്ഞിരിക്കുന്നത് ആകാശ ഭൂമി ഉണ്ടായത് മുതൽ ഈ അടയാളം ഒരു വാദിക്കും വേണ്ടി ഉണ്ടായിട്ടില്ല എന്നാണ്. അത് നമ്മുടെ മഹ്ദിയുടെ അടയാളമാണ്. ആ മഹ്ദിയും സ്ഥാനമാനം വളരെ ഉന്നതമാണ്. വെറും മുജദ്ദിദിയ്യത്തിന്റെ സ്ഥാനമല്ല ഉള്ളത്. നാം ഓർത്തിരിക്കേണ്ടത്

ഹ:മസീഹ് മൗഊദ് (അ) 14ാം നൂറ്റാണ്ടിലെ മുജദ്ദിദ് മാത്രമല്ല, മറിച്ച് മസീഹും മഹ്ദിയും കൂടിയാണ്. ആ മഹാത്മാവിനെ തജ്ദീദെ ദിനിന്റെ പ്രവർത്തനങ്ങൾക്കും ഹിദായത്ത് കാണിക്കാനും വേണ്ടി അയച്ചത് എങ്കിലും അദ്ദേഹത്തിന്റെ സ്ഥാനം മുജദ്ദിദിയ്യത്തിനെക്കാളും എത്രയോ ഉന്നതമാണ്. ഈ മഹിതസ്ഥാനം എല്ലാം ഉള്ളതുകൊണ്ട് നുബുവ്വത്തിന്റെ സ്ഥാനവും ലഭിക്കുകയുണ്ടായി.

പറയുന്നു,'' ഈ ദീനിനെ എന്നെന്നും നവമായി നിർത്തുന്നതിന്ന് ഓരോ നൂറ്റാണ്ടിലും ഈ ഉമ്മത്തിനെ സംസ്ക്കരിക്കുന്നതിന്ന് ഒരു മുജദ്ദിദ് വരുമെന്ന തിരുനബി (സ) യുടെ ഹദീസ് പൊതുവിൽ അറിയാവുന്നതാണ്. എന്നാൽ 14ാം നൂറ്റാണ്ടിനെക്കുറിച്ച് അത്യുന്നതനായ ഒരു മഹ്ദി 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ പ്രത്യക്ഷപ്പെടുമെന്നുള്ള സുവാർത്ത വിവിധങ്ങളായ തിരുവചനങ്ങളിൽ നിന്നും വെളിവാകുന്നതാണ്. ഇതിനെ നിഷേധിക്കാൻ ആരാലും സാധ്യമല്ല. അല്ലാഹു ഈ റസൂലിനെ അഥവാ പരിപൂർണ്ണ മുജദ്ദിദിനെ അയച്ചിരിക്കുന്നത് ഇസ്‌ലാമിന്നെതിരിൽ മറ്റെല്ലാ മതങ്ങളും സർവ്വ അധ്യാപനങ്ങളും നിരർത്ഥകമാണെന്ന് തെളിയിക്കാൻ വേണ്ടിയാണ്.''

ആ മഹാത്മാവിന്റെ സ്ഥാനം ഒന്ന് അദ്ദേഹം പരിപൂർണ്ണ മുജദ്ദിദാണ് എന്നതാണ്. പറയുന്നു: ''മൂസാ (അ)ന്റെ ഖിലാഫത്ത് ഈസാ (അ) ൽ വന്ന് അവസാനിച്ചുപോയി എന്നാൽ ഇസ്‌ലാമിന്റെ അദ്ധ്യാപനത്തെ എന്നെന്നും ഹരിതാപഭമായി നിലനിർത്തുന്നതിന്ന് വേണ്ടി ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ വരുമെന്ന പ്രവചനം നബി (സ) നൽകിയിട്ടുണ്ട്. നൂറ് വർഷത്തിനുള്ളിൽ ദീനിൽ കടന്നുകൂടുന്ന ബിദ്അത്തുകളും പൊടിപടലങ്ങളും ദുരീകരിക്കേണ്ടത് അത്യാവശ്യമാണ്. വൈകല്യങ്ങൾ അകറ്റപ്പെട്ടുകൊണ്ടിരിക്കണം. ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനത്തെ നിലനിർത്തുന്നതിന്നായി അതിന്റെ തനതായ ശൈലി കൈവിടാതെ സൂക്ഷിക്കുന്നതിനായി മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു എന്നത് ഇസ്‌ലാമിന്റെ ചരിത്രം നമ്മോട് പറയുന്നുണ്ട്. മുമ്പുള്ള നൂറ്റാണ്ടിൽ മുജദ്ദിദ് എന്തുകൊണ്ട് വരുന്നില്ല എന്നതിന്റെ വാദം തെറ്റാണെന്ന് പറയുന്ന തന്റെ എതിരാളികളോട് ഹ:മസീഹ് മൗഊദ്(അ) ചോദിക്കുകയുണ്ടായി.''ഈ നൂറ്റാണ്ടിലും മുജദ്ദിദ് വരേണ്ടതല്ലെ?'' ഇതിന്നായി അദ്ദേഹത്തിന്റെ ലിഖിതങ്ങൾ നാം വായിക്കേണ്ടതാണ്. പറയുന്നു: ''ഇക്കാലത്ത് ഞാനല്ലാതെ മറ്റാരും തന്നെ ഈ നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന വാദം ഉന്നയിച്ചിട്ടില്ല. നബി (സ) യുടെ പ്രവചനമനുസരിച്ച് വാഗ്ദത്ത മസീഹും ഞാൻ തന്നെ. മസീഹ് മൗഊദിന് നബിയുടെ സ്ഥാനം ലഭിക്കേണ്ടതാണ്. അതുകൊണ്ട് സമ്പൂർണ മുജദ്ദിദ് അദ്ദേഹമാണ്. 14ാം നൂറ്റാണ്ടിലെ മുജദ്ദിദായതുകൊണ്ടും മസീഹും മഹ്ദിയും ആയതുകൊണ്ടും അദ്ദേഹം അത്യുന്നതനായ മുജദ്ദിദാണ്. ഈ മഹാത്മാവിനെ കുറിച്ചുള്ള പ്രവചനം മുൻ പ്രവാചകന്മാരും ചെയ്തിട്ടുണ്ട്. ഇതാണ് അദ്ദേഹത്തിന്റെ പദവി. ഈ പദവിയെ മുമ്പിൽ വെക്കുകയും അതോടൊപ്പം ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തെ കുറിച്ചുള്ള തിരുനബി (സ) യുടെ ഹദീസ് മുമ്പിൽ പരിഗണിക്കുകയുമാണെങ്കിൽ ഇനിവരുന്ന മുജദ്ദിദുമാരുടെ കാര്യത്തിൽ ഒരു തീരുമാനത്തിലെത്താൻ സാധിക്കുന്നതാണ്. മസീഹ് മൗഊദ്(അ)ന്റെ വ്യക്തമായ ഒരു പ്രസ്താവനകൂടിയുണ്ട്. ലെക്ച്ചർ സിയാൽ കോട്ട് എന്ന ഗ്രന്ഥത്തിൽ പറയുന്നു. അല്ലാഹുവിൽ നിന്നും മസീഹ് മൗഊദ് എന്നു പറയപ്പെട്ടിട്ടുള്ള ഈ ഇമാം നൂറ്റാണ്ടിലെ മുജദ്ദിദും അവസാനത്തിലെ സഹസ്രാബ്ദത്തിലെ മുജദ്ദിദും തന്നെ. സഹസ്രാബ്ദം എന്നതിന് നൽകിയ വിശദീകരണം, അവസാനത്തെ 1000 വർഷം. നമ്മുടെ ആദമിന്റെ കാലം ഏഴായിരം കൊല്ലമാണ്. നാം ഇപ്പോൾ അവസാനത്തെ ആയിരത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിനു തൊട്ടുമുമ്പുള്ള ഒരു ആയിരം കൊല്ലത്തെ തിരുനബി അന്ധകാരത്തിന്റെ **ഫൈജെ അഅ്‌വജ്** കാലഘട്ടമായാണ് പറഞ്ഞത്. അതിനുശേഷം മസീഹ് മൗഊദ് പ്രത്യക്ഷപ്പെടും. മസീഹ് മൗഊദ് (അ)ന്റെ ആഗമനത്തോടുകൂടി ഇസ്‌ലാമിന്റെ പുനർ ജനനകാലഘട്ടമായിരിക്കും. 1000 വർഷത്തെ അന്ധകാരഘട്ടത്തിൽ മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു. വിവിധ നാടുകളിൽ മുജദ്ദിദുമാർ വന്നു. എന്നാൽ അവരുടെ സ്ഥാനം ചെറിയ വിളക്കുകളുടേതായിരുന്നു. അവരുടെ പ്രദേശങ്ങളെ അവർ പ്രകാശിപ്പിച്ചു. തങ്ങളുടെ സമയത്തേക്കും നൂറ്റാണ്ടിലേക്കും പരിമിതമായിരുന്നു അവർ. ഒരു നൂറ്റാണ്ടിൽ തന്നെ ഒന്നിൽ കൂടുതലാളുകൾ വന്നുകൊണ്ടിരുന്നു. എന്നാൽ അവസാനത്തെ ആയിരത്തിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തിക്കാണ് പ്രത്യേക ബഹുമതികൾ നൽകപ്പെട്ടത്. അദ്ദേഹം ഒരു നൂറ്റാണ്ടിലെ മുജദ്ദിദല്ല 1000 വർഷത്തേക്കുള്ള മുജദ്ദിദാണ്. ലോക വയസിന്റെ അവസാന ആയിരമാണിത്. ഒരു സ്ഥലത്ത് പറയുന്നു.''ഇത് അവസാനത്തെ ആയിരമാണ്. അതുകൊണ്ട് അവസാന കാലത്തെ ഇമാം ഇതിന്റെ തലയ്ക്കൽ തന്നെ ജനിക്കേണ്ടത് നിർബന്ധമായിരുന്നു. ഇതിനുശേഷം ഇമാം ഇല്ല, മസീഹും ഇല്ല, അദ്ദേഹത്തിന്റെ നിഴൽ ആയിട്ടുള്ള ആൾ ഒഴികെ''(അദ്ദേഹത്തിന്റെ കീഴിലും നിയന്ത്രണത്തിലുമായിരിക്കും)

നബി(സ)യുടെ പ്രവചനത്തിന്റടിസ്ഥാനത്തിൽ നൂറ്റാണ്ടിന്റെ തലയ്ക്കൽ മുജദ്ദിദിന് വരാവുന്നതാണെന്നതിൽ സംശയമില്ല. ഇതുവരെ വന്നിട്ടുണ്ട്. ഭാവിയിലും വരാവുന്നതാണ്. എന്നാൽ ഇനി വരുന്നത് വാഗ്ദത്ത മസീഹിന്റെ പ്രതിഛായ രൂപത്തിലായിരിക്കും. തന്റെ പ്രതിഛായയെക്കുറിച്ച് വ്യക്തമായി ആ മഹാത്മാവ് പറഞ്ഞിട്ടുണ്ട്. അത് നബി (സ) യുടെ ഈ ഹദീസിന്റെ അടിസ്ഥാനത്തിലാണ്.

ഹ:ഹുദൈഫ (റ) വിവരിക്കുന്നു: തിരുനബി (സ) അരുളി അല്ലാഹു ഇച്ഛിക്കുന്ന കാലമത്രയും നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും. അവനുദ്ദേശിക്കുമ്പോൾ അത് എടുത്ത് കളയും. പിന്നീട് അല്ലാഹു ഇച്ഛിക്കുന്ന കാലമത്രയും **ഖിലാഫത്ത് അലാമിൻഹാജുന്നുബുവ്വത്ത്** നിലനിൽക്കും. അവൻ ഇച്ഛിക്കുമ്പോൾ ഈ അനുഗ്രഹത്തേയും എടുത്ത് കളയും. പിന്നീട് മർദ്ധിത രാജഭരണം വരും അല്ലാഹു ഇച്ഛിക്കുന്ന കാലംവരെ നിലനിൽക്കും. അവൻ ഇച്ഛിക്കുമ്പോൾ അതിനെ എടുത്ത് കളയും. നിഷ്ഠൂരന്മാരായ രാജാക്കന്മാർ പിന്നീട് വരും. അല്ലാഹു ഇച്ഛിക്കുന്ന കാലംവരെ അത് നിലനിൽക്കും. പിന്നീട് അതിനെയും ഉയർത്തിക്കളയും. തുടർന്ന് നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് നിലവിൽവരും. ഇതു പറഞ്ഞതിനു ശേഷം തിരുനബി (സ) മൗനം ദീക്ഷിച്ചു.

നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് പുനഃസ്ഥാപിച്ചു കഴിഞ്ഞാൽ അത് തന്നെയായിരിക്കും പരിഷ്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. വാഗ്ദത്ത മസീഹ് (അ) പറയുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശക്തിപ്രഭാവമെന്ന നിലയിലാണ് പ്രത്യക്ഷപ്പെട്ടത്. ഞാൻ അല്ലാഹുവിന്റെ സമ്പൂർണ്ണ ശക്തിപ്രഭാവമാകുന്നു. എനിക്ക് ശേഷം ചില വ്യക്തികളുണ്ടാകും. അവർ രണ്ടാം ശക്തിയുടെ പ്രതീകങ്ങളാ

യിരിക്കും. രണ്ടാമത്തെ ശക്തിപ്രഭാവത്തെ ഉദാഹരിച്ചുകൊണ്ട് പറഞ്ഞപ്പോൾ ഹ:അബൂബക്കർ (റ) നെയാണ് ഉപമിച്ചത്. നബി (സ) യുടെ വേർപാടിനുശേഷം ഹ:അബൂബക്കർ സിദ്ദീഖ് (റ) നെ എഴുന്നേൽപ്പിച്ചയച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയുണ്ടായി.

ആ മഹാത്മാവ് അവസാന ആയിരത്തിന്റെ മുജദ്ദിദാണ്. അദ്ദേഹം മുഖേന ഹദീസിന്റെ അടിസ്ഥാനത്തിൽ **ഖിലാഫത്ത് അഅലാ മിൻഹാജുന്നുബുവ്വത്ത്** നിലവിൽവന്നു. അതുകൊണ്ട് തജ്ദീദെ ദീനിനെ (മുജദ്ദിദിന്റെ പ്രവർത്തിയെ) മുന്നോട്ട് കൊണ്ടുപോകൽ ഇനി ഖിലാഫത്താണ്. തർബിയ്യത്ത്, ഇസ്‌ലാഹ്, തബ്‌ലീഗ് പ്രവർത്തനങ്ങൾ ഖിലാഫത്ത് മുഖേന നടക്കുന്നുണ്ട് എന്നതിൽ ഒരു സംശയവുമില്ല. 103 വർഷമായി നാം ഇത് കണ്ടു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടുത്ത നൂറ്റാണ്ടിലും ഒരു പക്ഷെ ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ആരെങ്കിലും മുജദ്ദിദാണെന്ന വാദം ഉന്നയിച്ചേക്കാം. അതിനുള്ള നിബന്ധന അവർ ഹ:മസീഹ് മൗഊദ് (അ) നെ പിൻപറ്റുന്നവരാകണം. ഹ:മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതിച്ഛായ ആയിരിക്കണം.

ചുരുക്കത്തിൽ രണ്ട് നൂറ്റാണ്ടുകൾ സംഗമിക്കുന്ന കാലത്ത് അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അക്കാലത്തുള്ള ഖലീഫമാർക്ക് അല്ലാഹു ഈ പദവി നൽകിയേക്കാം. അദ്ദേഹത്തോട് പ്രഖ്യാപിക്കാനും പറഞ്ഞേക്കാം.ഈ ഉമ്മത്തിൽ വന്ന പല മുജദ്ദിദുമാരെക്കുറിച്ചും അവരുടെ വഫാത്തിന്ശേഷമാണ് ജനങ്ങൾ അദ്ദേഹം മുജദ്ദിദായിരുന്നു എന്നറിയുന്നത്. മുജദ്ദിദാണെന്ന വിളംബരം അനിവാര്യമല്ല. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ആ ഖലീഫയോട് ഞാൻ മുജദ്ദിദാണെന്ന് അല്ലാഹു പ്രഖ്യാപിക്കാൻ പറയുകയും ചെയ്തേക്കാം.

ഒരു കാര്യം നാം ഓർത്തുവെക്കേണ്ടത്, ഓരോ ഖലീഫയും അതാതു കാലത്തെ മുജദ്ദിദ് തന്നെയായിരിക്കും. അവർ ഹ. മസീഹ് മൗഊദ് (അ)ന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുകയാണ് ചെയ്യുന്നത്. മുജദ്ദിദാണെന്ന് പ്രഖ്യാപിച്ചാലും ഇല്ലെങ്കിലും ശരി. മുജദ്ദിദ് എന്ന പേര് പറഞ്ഞതുകൊണ്ടോ മുജദ്ദിദ് ആയത് കൊണ്ടോ ഖിലാഫത്തിന്റെ സ്ഥാനം ഉയരണമെന്നില്ല. ഖിലാഫത്തിന്റെ സ്ഥാനത്തിനാണ് പ്രാമുഖ്യമുള്ളത്. എല്ലാ ഖലീഫമാരും മുജദ്ദിദായിരിക്കും. മുജദ്ദിദ് എന്ന് പറഞ്ഞാൽ ഹ:മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ബിദ്അത്തുകളെ അവസാനിപ്പിക്കുന്നവരും യഥാർത്ഥ അധ്യാപനത്തെ തുടർന്നു കൊണ്ടുപോകുന്നവരും ഇസ്‌ലാമിനുവേണ്ടി പരിശ്രമിക്കുന്നവരും തബ്‌ലീഗ് പ്രവർത്തനങ്ങൾക്കായി വ്യക്തമായ പദ്ധതി ആസൂത്രണം ചെയ്തുകൊണ്ട് ലോകത്ത് ഇസ്‌ലാമിനെ വ്യാപിപ്പിക്കുകയും ചെയ്യുന്നവരാണ്. ഈ ജോലി അഹ്മദിയ്യാ ഖിലാഫത്തിന്റെ തണലിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തി ഖിലാഫത്തിന്റെ നിസാമിന്റെ കീഴിൽ മുബല്ലിഗ്മാർ കൂടാതെ പല അഹ്മദികളും അവരവരുടെ വൃത്തത്തിൽ ചെയ്തുവരുന്നുണ്ട്. മതപരിഷ്ക്കരണത്തിന്റെ ഈ ചെറിയ ചെറിയ ദീപങ്ങൾ ഓരോ സ്ഥലത്തുംതന്നെ കത്തികൊണ്ടിരിക്കുന്നുണ്ട്. ഹ. മസീഹ് മൗഊദ് (അ) പറയുന്നു: "ബനീ ഇസ്റാഈല്ലരിൽ മത നവീകരണത്തിന്നായി ഒരേസമയം നൂറുകണക്കിന് പ്രവാചകന്മാരും മതപരിഷ്ക്കർത്താക്കളും വന്നിട്ടുണ്ടായിരുന്നു. ആ പ്രവാചകന്മാർ തന്നെ ഖലീഫ എന്നും മുജദ്ദിദ് എന്നും പറയപ്പെട്ടിരുന്നു. ഇസ്‌ലാമിൽ എന്തുകൊണ്ട് ആയിരക്കണക്കിന് വന്നുകൂടാ ?" ഏകദേശം ആശയം ഇതാണ്. വാക്കുകൾ എന്റെതാണ്.

ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ ഉണ്ടായിട്ടുണ്ട്. ഹ:മസീഹ് മൗഊദ് (അ) നു മുമ്പേ 12 നൂറ്റാണ്ടിലും മുജദ്ദിദുമാർ വന്നിട്ടുണ്ട്. 12 മുജദ്ദിദുമാർക്കുശേഷം വാഗ്ദത്ത മസീഹും വന്നുകഴിഞ്ഞിരിക്കുന്നു. ഇസ്‌ലാം ചരിത്രം നമ്മോട് പറയുന്നത് ഓരോ പ്രദേശത്തും മുജദ്ദിദുമാർ വന്നിട്ടുണ്ടെന്നാണ്. വെറും 12 എന്നതിൽ ഒതുക്കാൻ പറ്റില്ല ഒരേ സമയം തന്നെ എത്രയോ മുജദ്ദിദുമാർ വന്നിട്ടുണ്ട്. സംസ്കരണത്തിന്റെ ആവശ്യമുള്ള സ്ഥലങ്ങളിൽ അല്ലാഹു ഓരോരുത്തരായി എഴുന്നേൽപ്പിച്ചു നിർത്തുന്നു. നമ്മുടെ സാഹിത്യങ്ങളിലും മറ്റും 12 മുജദ്ദിദുമാരെ മാത്രം എണ്ണുന്നത് എന്തുകൊണ്ടാണ് എന്നതാണ് അടുത്ത പ്രശ്നം. അറബികളിൽ അധികം പേരും ഇത് അംഗീകരിക്കാത്തവരാണ്. പ്രത്യേകിച്ച് ഇന്ത്യക്കാരായവർ ഏതൊരു ക്രമപ്രകാരം മുജദ്ദിദുമാരെ എണ്ണുന്നുണ്ടൊ അവരത് അംഗീകരിക്കുന്നില്ല. മുസ്‌ലിംകളിൽ വലിയൊരു വിഭാഗം ഇതംഗീകരിക്കാത്തവരാണ്.

ഹ:ഖലീഫത്തുൽ മസീഹ് സാനി(റ) ഇതിന് ഒരുത്തമ മറുപടി നൽക്കിയിട്ടുണ്ട്. ഇന്ത്യക്കാരായ 12 മുജദ്ദിദുമാരുടെ പേരുകൾ സമർപ്പിച്ചുകൊണ്ട് ഇവർ മുഴുലോകത്തേക്കും വേണ്ടിയുള്ളവരായിരുന്നു എന്ന വാദത്തെ തെറ്റാണെന്ന് പറഞ്ഞുകൊണ്ട് പറയുന്നു "മുജദ്ദിദുമാരെ കുറിച്ച് ജനങ്ങളിലുള്ള തെറ്റിദ്ധാരണ ഒരു മുജദ്ദിദ് തന്നെ മുഴു ലോകത്തേക്കും വേണ്ടി അയക്കപ്പെട്ടു എന്നാണ്. ഈ കാഴ്ചപ്പാട് തെറ്റാണ്. ഓരോ നാട്ടിലും, ഓരോ പ്രദേശത്തും അല്ലാഹു മുജദ്ദിദുമാരെ ഉണ്ടാക്കാറുണ്ട്. എന്നാൽ ജനങ്ങൾ തങ്ങളുടെ സമൂഹത്തിന്റെയും നാട്ടിന്റെയും അടിസ്ഥാനത്തിൽ തന്റെ പ്രദേശത്തെ, തന്റെ നാട്ടിലെ മുജദ്ദിദിനെ ലോകം മുഴുവനുമുള്ള മുജദ്ദിദായി പരിഗണിക്കുന്നു. ഇസ്‌ലാം മുഴുലോകത്തേക്കും വേണ്ടി ഉള്ളതായതുകൊണ്ട് ലോകത്തിലെ വിവിധ പ്രദേശങ്ങളിലും വിവിധ നാടുകളിലും വിവിധ മുജദ്ദിദുമാർ ഉണ്ടാവേണ്ടത് അനിവാര്യമാണ്. സയ്യിദ് അഹ്മദ് ബറേലവി സാഹിബ് മുജദ്ദിദ് തന്നെയായിരുന്നു. എന്നാൽ മുഴുലോകത്തേക്കും വേണ്ടിയായിരുന്നില്ല. ഇന്ത്യക്ക് വേണ്ടിയുള്ള മുജദ്ദിദായിരുന്നു. അദ്ദേഹം ലോകം മുഴുവനുമുള്ളവർക്ക് മുജദ്ദിദാണെന്നു പറയപ്പെടുകയാണെങ്കിൽ അദ്ദേഹം അറബികൾക്ക് എന്ത് ഹിദായത്താണ് നൽകിയത് എന്ന ചോദ്യം ഉയരുന്നതാണ്. മിസ്‌രികൾക്ക് എന്ത് ഹിദായത്താണ് അദ്ദേഹം നൽകിയത്. ഇറാഖിനും, അഫ്ഖാനിസ്ഥാനും അദ്ദേഹം എന്ത് ഹിദായത്താണ് നൽകിയത്. ഈ നാടുകളിലുള്ളവർക്ക് വേണ്ടി അദ്ദേഹം ഒന്നും ചെതിട്ടില്ല. ഈ നാടുകളുടെ ചരിത്രം പരിശോധിച്ചാൽ ഇവരിലുള്ളവരിലും ചിലർ വഹ്‌യും ഇൽഹാമും ലഭിച്ചവരായി കാണാവുന്നതാണ്. അവർ തങ്ങളുടെ നാട്ടുകാരുടെ ഹിദായത്തിന് വേണ്ടി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അവരും അവരവരുടെ പരിധിക്കുള്ളിൽ മുജദ്ദിദുമാർ ആയിരുന്നു. അവർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവർ തങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ദീനിലേക്ക് വഴികാട്ടുക എന്ന കടമ നിർവ്വഹിച്ചവർ, പരിഷ്ക്കരണത്തിന്റെ കടമ നിർവ്വഹിച്ചവർ അവരുടെ പരിധിയിൽ മുജദ്ദിദുമാരായിരുന്നു. അതേപോലെ ഇന്ത്യക്കാരും അവരുടെ പരിധിയിൽ മുജദ്ദിദുമാർ ആയിരുന്നു. ചിലർ വലിയ മുജദ്ദിദായിരിക്കും. ചിലർ ചെറിയ മുജദ്ദിദായിരിക്കും. ഇന്ത്യ

യിൽ വന്ന മുജദ്ദിദുമാർക്കുള്ള പ്രധാന്യം വാഗ്ദത്ത മസീഹ് വരുന്ന നാട്ടിൽ അവർ വന്നു എന്നതാണ്. അങ്ങനെ അവരുടെ ആഗമനം വാഗ്ദത്ത മസീഹിന് വേണ്ടി മുന്നൊരുക്കമായിരുന്നു. (പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് വരാനായിരിക്കുന്നു എന്ന് മുന്നറിയിപ്പ് നൽകുന്ന വരായിരുന്നു അവർ) അതല്ലാതെ ഇവർമാത്രമാണ് മുജദ്ദിദുമാരെന്നും മറ്റു പ്രദേശങ്ങൾ മുജദ്ദിദുമാരിൽ നിന്നും ശൂന്യമായിരുന്നുവെന്നും നമുക്ക് വാദമില്ല. ഇൽഹാം മുഖേന മത നവീകരണ പ്രവർത്തന ങ്ങൾ നടത്തുന്ന ഓരോരുത്തരും തന്നെ ആത്മീയ മുജദ്ദിദുമാരാണ്. ഇസ്‌ലാമിന്ന് വേണ്ടിയും മുസ്‌ലിംകൾക്ക് വേണ്ടിയും നവീകരണ ത്തിന്റെ ഏതെങ്കിലും പ്രവർത്തനം നടത്തുന്നവർ മുജദ്ദിദുമാരാണ്. ഒരു പക്ഷെ അവർ ആത്മീയ മുജദ്ദിദുമാർ അല്ലാ എന്നും വന്നേക്കാം. ഞാൻ ഇതു സംബന്ധമായി ഉദാഹരണം കേൾപ്പിക്കാറുള്ളതാണ്.

ഒരിക്കൽ മസീഹ് മൗഊദ് (അ) പറഞ്ഞു.''ഔറംഗസേബ് മുജദ്ദിദാ യിരുന്നു. ഔറംഗസേബിന് ഇൽഹാം ലഭിക്കുന്നുണ്ടെന്ന വാദം ഉണ്ടാ യിരുന്നില്ല.'' ചുരുക്കത്തിൽ മുജദ്ദിദുമാരുടെ യാഥാർത്ഥ്യമാണിത്.

ഓരോ സമയത്ത് പലരും മുജദ്ദിദുമാരായിട്ടുണ്ട്. ആയിരക്കണക്കിന് ഉണ്ടായേക്കാം. എന്നാൽ ഖലീഫ ഒരു സമയത്ത് ഒന്നേ ഉണ്ടാവുകയു ള്ളൂ. അപ്പോൾ ഒരു സമയത്ത് ഒന്നുമാത്രമുള്ളതിനോ അതല്ല ഒരേ സമയം കുറേ ഉള്ളതിനോ ഏതിനാണ് കൂടുതൽ സ്ഥാനപദവി ഉണ്ടാ കുക. തിരുനബി(സ)യും ഖിലാഫത്തിനാണ് പ്രത്യേക സ്ഥാനം നൽകിയിത്. അത് നുബുവ്വത്തിന്റെ പാദയിലായിരിക്കാം എന്നാണ് പറഞ്ഞത്. മുജദ്ദിദിയ്യത്തിന്ന് അത്ര പ്രാധാന്യം നൽകിയിട്ടില്ല.

മുജദ്ദിദിനെ അയക്കുമെന്ന ഹദീസിന്റെ വാക്കുകൾ ഇപ്രകാരമാ ണ്, ഹ:അബൂഹുറൈറ (റ) രിവായത്ത് ചെയ്യുന്നു. നബി (സ) അരു ളി. ഈ ഉമ്മത്തിനെ നവീകരിക്കുന്ന മുജദ്ദിദിനെ ഓരോ നൂറ്റാണ്ടിന്റെ തലയ്ക്കലും അല്ലാഹു അയക്കുന്നതാണ്. ഇവിടെ തർജുമയിൽ ഏകവചനമാണ് ഉപയോഗിച്ചത് എന്നാൽ ഇവിടെ മുജദ്ദിദുമാർ എന്നും ആകാവുന്നതാണ്. അറബി അറിയുന്നവർ പറയുന്നത്, **മൻയ്യുജദ്ദിദു ലഹാ ദീനഹാ** എന്നതിലെ **മൻ** ബഹുവചനമായി ഉപ യോഗിക്കാവുന്നതാണ്. ഈ ഉമ്മത്തിനെ നവീകരിക്കുന്ന, അഥവാ ഉമ്മത്തിൽ വന്നിരിക്കുന്ന വൈകല്ല്യങ്ങളെ ശരിയാക്കുകയും ദീനി ന്നുവേണ്ടി ത്യാഗങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നവരായിരിക്കും അവർ. ഓരോ നൂറ്റാണ്ടിന്റെ തലക്കലും, ഓരോ നൂറ്റാണ്ടിലും മുജദ്ദി ദ് വരുമെന്ന് പറയപ്പെട്ടിട്ടുണ്ട്. ഇതിനെ നുബുവ്വത്തിന്റെ മാർഗ്ഗത്തി ലുള്ള ഖിലാഫത്തിനെ കുറിച്ച് പറഞ്ഞ ഹദീസുമായി കൂട്ടിവായിക്കു ക ആദ്യം അതിൽ നുബുവ്വത്തും പിന്നീട് **ഖിലാഫത്ത് അലാ മിൻ ഹാജിന്നുബുവ്വത്ത്**നെ കുറിച്ചുമാണ് പറഞ്ഞത്. ഈ അനുഗ്രഹം ഇല്ലാതായാൽ മർദ്ദിത രാജാക്കന്മാരെ കുറിച്ചാണ് പറഞ്ഞത്. നുബു വ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് അവസാനിച്ചതിനു ശേഷവും സഹാബത്ത് ഉണ്ടായിരുന്നു. അതിനുശേഷം താബിഈങ്ങളും തബ്അ താബിഈങ്ങളും ഉണ്ടായിരുന്നു. ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോൾ ദീനിൽ അത്ര ഛിദ്രത കടന്നുകൂടിയിരുന്നില്ല. അപ്പോഴൊന്നും മുജ ദ്ദിദുമാർ ആരും വന്നില്ല. നൂറ്റാണ്ട് കഴിഞ്ഞാലാണ് മുജദ്ദിദ് ഉണ്ടാകു ക. ആദ്യ നൂറ്റാണ്ടിന് മുജദ്ദിദിന്റെ ആവശ്യമില്ലായിരുന്നു. മുജദ്ദിദ് വരു മെന്ന പ്രവചനം നൂറ് വർഷത്തിന് ശേഷമാണ് പൂർത്തിയാക്കുക. ഇതിൽ ഖിലാഫത്ത് അവസാനിക്കും എന്ന പ്രവചനം ഒരർത്ഥത്തിൽ ഉണ്ടായിരുന്നു. ഇസ്‌ലാമിൽ ബിദ്അത്തുകൾ കടന്നു കൂടുമെന്ന സൂചനയും ഇതിൽ അടങ്ങിയിട്ടുണ്ടായിരുന്നു. ഇസ്‌ലാമിൽ ബിദ് അത്തുകൾ കൂടുമ്പോൾ, മുസ്‌ലിംകൾ വിവിധ കക്ഷികളായി പിരി യുമ്പോൾ അതിനെ ശരിപ്പെടുത്തുന്നതിന്നായി മുജദ്ദിദുമാർ ജന്മമെ ടുക്കേണ്ടതായിരുന്നു. പിന്നീട് ഈ പരിഷ്ക്കരണ പ്രക്രിയക്ക് വേണ്ടി മുജദ്ദിദുമാരുടെ ശ്യംഖല തുടങ്ങി. ഞാൻ പറഞ്ഞതുപോലെ ഓരേ സമയത്തും പല പല മുജദ്ദിദുമാർ ഉണ്ടാകുകയുണ്ടായി. എന്നാൽ വാഗ്ദത്ത മസീഹും ഏറ്റവും വലിയ മുജദ്ദിദും അവസാന ആയിര ത്തിലെ മുജദ്ദിദും വരുമെന്ന് തിരുനബി(സ) സുവാർത്ത നൽകിയ പ്പോൾ നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തിനെ കുറിച്ചും സുവാർത്ത നൽകുകയുണ്ടായി. അതിനുശേഷം തിരുനബി നിശബ്ദത പാലിക്കുകയാണുണ്ടായത്.

ചുരുക്കത്തിൽ തങ്ങളുടെ പരിധിക്കുള്ളിൽ അല്ലാഹുവിൽ നിന്നും മാർഗ നിർദേശം കരസ്ഥമാക്കികൊണ്ട് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന മുജദ്ദിദിയ്യത്തിന്റെ ആവശ്യം നേരിട്ടത് വാഗ്ദത്ത മസീ ഹിന്റെ ആഗമനം വരെയാണ്. വാഗ്ദത്ത മസീഹ് (അ) ന്റെ ആഗ മനം നടന്നു കഴിഞ്ഞതിനുശേഷം അദ്ദേഹം 14ാം നൂറ്റാണ്ടിലെ മുജ ദ്ദിദും അവസാന ആയിരത്തിലെ മുജദ്ദിദുമാണ്. അതിനുശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സംവിധാനമാണ് നില വിലുണ്ടാകുക. അതിനെ കുറിച്ച് ഹ:മസീഹ് മൗഊദ് (അ) പറഞ്ഞി രിക്കുന്നത് അത് അതിശക്തമായ ശക്തിപ്രഭാവമാണെന്നാണ്.

ഹ:മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തെ പലർക്കും അല്ലാഹു വെളിപ്പെടുത്തിക്കൊടുക്കുന്നു. അങ്ങിനെയുള്ള ദർശന ങ്ങളിൽ വിവിധ മതവുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർക്ക് ഖലീ ഫമാരെ കാണിപ്പിച്ചുകൊണ്ട് ഖിലാഫത്തിന്റെ സംവിധാനമാണ് യഥാർത്ഥ സംവിധാനമെന്നും ഇതിനോടൊപ്പം ചേർന്നാൽ മാത്രമേ മത നവീകരണ പ്രവർത്തനങ്ങൾ പ്രയോഗവത്ക്കരിക്കാൻ സാധി ക്കുകയുള്ളൂ എന്നും തെളിയിച്ചു കാട്ടുന്നു. വിശുദ്ധ ഖുർആനിൽ മുജദ്ദിദിനെകുറിച്ചുള്ള പരാമർശം നമുക്ക് ലഭിക്കില്ല. എന്നാൽ ഖിലാ ഫത്തിനെ കുറിച്ച് പറഞ്ഞതായി വിശുദ്ധ ഖുർആനിലും ഹദീസിലും നമുക്ക് കാണാവുന്നതാണ്. മെയ് 27ലെ ഖുത്വ്ബയിൽ ഇസ്തിഖ്‌ലാ ഫിന്റെ ആയത്ത് ഓതിക്കൊണ്ട് ഞാനത് വിവരിച്ചിരുന്നു.

ചുരുക്കത്തിൽ മുജദ്ദിദിയ്യത്ത് ഖാത്തമുൽ ഖുലഫാക്ക് ശേഷം അവ സാന സഹസ്രാബ്ദത്തിലെ മുജദ്ദിദിന് ശേഷം അദ്ദേഹത്തിന്റെ പ്രതി ഛായരൂപത്തിലാണ് പ്രത്യക്ഷപ്പെടുക. അദ്ദേഹത്തിന്റെ യഥാർത്ഥ പ്രതിഛായ ഖിലാഫത്തിന്റെ സംവിധാനമാണ്. അതാണ് മത പരി ഷ്ക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇൻശാ അല്ലാഹ് ഇത് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും.

അടുത്ത നൂറ്റാണ്ടിലെ മുജദ്ദിദ് എപ്പോൾ വരും? വരുമോ ഇല്ലേ, വരാൻ പറ്റുമോ ഇല്ലേ എന്ന ചർച്ചകളിലേക്ക് പോകുന്നതിനുപകരം നമുക്ക് ഹ:മസീഹ് മൗഊദ് (അ) ന്റെ വാദങ്ങളിൽ ദൃഢജ്ഞാനം കൈവരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനത്തെ മുന്നോട്ട് നയി ക്കേണ്ട ആവശ്യമാണുള്ളത്. നമ്മുടെ പരിഷ്ക്കരണത്തെകുറിച്ച് ചിന്തി ക്കുന്നതോടൊപ്പം നമ്മുടെ മക്കളേയും ബിദ്അത്തുകളിൽ നിന്നും രക്ഷിക്കുക. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെ നമ്മിൽ നട പ്പിൽ വരുത്തേണ്ട ആവശ്യമാണുള്ളത്. അതിനെ വ്യാപിപ്പിക്കേണ്ട

ആവശ്യമാണുള്ളത്. ഇക്കാലത്ത് പ്രചാരണ പ്രവർത്തനങ്ങൾ വിവിധ മാർഗത്തിലൂടെ നടന്നുവരുന്നുണ്ട്. ഗ്രന്ഥ,മാസികകൾ മുഖേനയും ടി.വി. ചാനലുകൾ മുഖേനയും എല്ലാം നടന്നുവരുന്നു. ഈ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുക എന്ന ഉത്തരവാദിത്വമാണ് നമ്മിൽ അർപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്ന കാര്യത്തിൽ നാം കൂടുതലായി ശ്രദ്ധിക്കണം.

ഇസ്‌ലാമിൽ കടന്നുകൂടിയിട്ടുള്ള ബിദ്അത്തുകളും തെറ്റായ അധ്യാപനങ്ങളും ഹ:മസീഹ് മൗഊദ് (അ) ദൂരീകരിക്കുകയുണ്ടായി. അഹ്മദിയ്യാ ഖിലാഫത്ത് ഈ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിച്ചുവരികയാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധതിരിക്കേണ്ടതാണ്. ഇന്നലയോ മിനിയോന്നെ വന്ന തപാലിൽ ലഭിച്ച അറബിയുടെ കത്തിൽ എഴുതിയിരിക്കുന്നത് "മുല്ലാക്കളുടെ പ്രവർത്തനവും ഇസ്‌ലാമിൽ കടന്നുകൂടിയിട്ടുള്ള വിവിധതരം ബിദ്അത്തുകളും കാഴ്ചപ്പാടുകളും അധ്യാപനങ്ങളും കാരണം ഞാൻ വളരെ അസ്വസ്ഥനായിരുന്നു. പെട്ടെന്നാണ് എം.ടി.എ കാണാൻ ഇടയായത്. അതിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ കാണാൻ സാധിച്ചു. ഈസാ (അ) മരിച്ചതിനെക്കുറിച്ചും അദ്ദേഹം ആകാശത്ത് ജീവിച്ചിരിപ്പില്ല എന്നും അറിഞ്ഞു. ഇതെല്ലാം കേട്ടപ്പോഴാണ് ഹൃദയത്തിന് സംതൃപ്തി കൈവന്നത്. കാരണം, 2000 വർഷം മുമ്പ് ജീവിച്ച ഒരു വ്യക്തി ഇപ്പോഴും ആകാശത്ത് ജീവിച്ചിരിക്കുക എന്ന കാര്യം എനിക്ക് മുമ്പേ വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല." ഇതെഴുതിയതിനുശേഷം അദ്ദേഹം എഴുതുന്നു. "ഞാൻ ഇതാ ജമാഅത്തിൽ പ്രവേശിക്കുകയാണ്."

ഈ കാര്യങ്ങളാണ് ഹ:മസീഹ് മൗഊദ് (അ) മുഖേന ലോകത്തിന് മസ്സിലാക്കിക്കൊണ്ടിരിക്കുന്നത്. നൂറ് വർഷം പിന്നിട്ടതിനുശേഷം ഇവിടെ പുതിയ ഒരു മുജദ്ദിദിന്റെ ആവശ്യമില്ല. ആയിരം വർഷത്തെ മുജദ്ദിദ് ഹ:മസീഹ് മൗഊദ് (അ) തന്നെയാണ്. അത് അദ്ദേഹം തന്നെ വിവരിച്ചിട്ടുണ്ട്. ഇതിന്നായി അദ്ദേഹത്തിന്റെ സഹായികളായി നാം മാറേണ്ടതാണ്. യഥാർത്ഥ അധ്യാപനത്തെ ലോകത്തിന്റെ മുമ്പാകെ നാം വ്യക്തമായി സമർപ്പിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്തെ ഇമാമിന്, മസീഹ് മഹ്ദിക്ക്, അവസാന സഹസ്രാബ്ദത്തിന്റെ മുജദ്ദിദിന് എല്ലാ സാധനസാമഗ്രികളും നൽകിയിട്ടുണ്ട്. നമ്മുടെ ജോലി ലോകത്തിന്റെ ശിക്ഷണത്തിനായി ഇതെല്ലാം മുമ്പോട്ട് എത്തിക്കുക എന്നതാണ്. അതുകൊണ്ട് ഈ മനോഹരമായ അധ്യാപനങ്ങളെ തന്നിൽ നടപ്പിൽ വരുത്താൻ പ്രയത്നിക്കുന്ന ഓരോരുത്തരും ഇത് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരും, ആ മഹാത്മാവിന്റെയും അദ്ദേഹത്താൽ സ്ഥാപിതമായ ഖിലാഫത്തിന്റെയും യഥാർത്ഥ സഹായികളായിത്തീരുകയാണ് ചെയ്യുന്നത്. അവർ പരിഷ്ക്കരണ പ്രവർത്തനങ്ങൾ തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

അതുകൊണ്ട് ഈ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നവരായി നാം മാറണം. അങ്ങനെ ഇസ്‌ലാമിന്റെ വിജയ ദൃശ്യങ്ങൾ കാണുന്നവരായി നാം മാറട്ടെ. അല്ലാഹു ഓരോ അഹ്മദിക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ദുഃഖകരമായ ഒരു വാർത്തയുണ്ട്. ജുമുആക്ക്ശേഷം ഒരു ജനാസ നമസ്ക്കരിപ്പിക്കുന്നതാണ്. ഇന്തോനേഷ്യയിലെ ഖൈറുദ്ദീൻ ബാറൂദ് സാഹിബിന്റേതാണ്. 1947ൽ ഇന്തോനേഷ്യയിൽ ജനിച്ചു. 1971ൽ ബൈഅത്ത് ചെയ്തു. 1973ൽ ജാമിഅ അഹ്മദിയ്യാ റബ്‌വയിൽ പ്രവേശിച്ചു. ഫസ്റ്റ ഖാസിൽ പഠനം ആരംഭിക്കുകയും ഉർദു ഭാഷ കരസ്ഥമാക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ഇന്തോനേഷ്യയിൽ മുബല്ലിഗ് സിൽസിലയായാണ് ആദ്യം പോസ്റ്റിംഗ് നടന്നത്. ഇത് ജൂൺ 1982ലാണ്. പിന്നീട് സ്വന്തം നാടായ മേദാനിൽ പോസ്റ്റിംഗ് ചെയ്തു. 1983ൽ 4 മാസത്തേക്ക് മലേഷ്യയിലേക്ക് അയച്ചു. കോലാലമ്പൂരിൽ മസ്ജിദ് നിർമ്മാണം പ്രവർത്തനം നടത്തി. മലേഷ്യയിൽ നിന്നും തിരിച്ചു വന്നപ്പോൾ 1993ൽ ഇന്തോനേഷ്യയിലെ വിവിധ ജമാഅത്തുകളിൽ മുബല്ലിഗായി സേവനമനുഷ്ഠിക്കാൻ സാധിച്ചിട്ടുണ്ട്. 1993 മുതൽ മിഷ്യനറി ഇൻചാർജ് ഫിലിപയിനായി സേവന മനുഷ്ഠിച്ചു. 1998 മുതൽ ബപ്പുവ ന്യൂഗിനിയിൽ മുബല്ലിഗ് ഇൻചാർജായി നിയമിച്ചു. തന്റെ ജീവിതത്തിന്റെ അവസാനനാൾ വരെ അവിടെ സേവനമനുഷ്ഠിക്കുകയായിരുന്നു. 2011 ജൂൺ 6ന് അൽപം ദിവസം രോഗിയായിക്കിടന്നതിനുശേഷം വഫാത്താകുകയാണുണ്ടായത്. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

ഖൈറുജ്ജീൻ ബാറൂദ് സാഹിബ് മുഖ്‌ലിസും പൂർണമായും കൂറ് പുലർത്തുന്ന ആളും വഖ്ഫിന്റെ ആത്മാവുകൊണ്ട് ദീനീസേവനം ചെയ്യുകയും ചെയ്തിരുന്ന ഒരു മുബല്ലിഗ് സിൽസില ആയിരുന്നു. തബ്‌ലീഗിന് വലിയ താത്പര്യമായിരുന്നു. പല ജമാഅത്തുകളും അദ്ദേഹം മുഖേന ഉണ്ടായിട്ടുണ്ട്. മസ്ജിദുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ജമാഅത്ത് ഇദ്ദേഹത്തെ ഏൽപ്പിച്ച ജോലികളെല്ലാം തന്നെ യഥാർത്ഥ ഉത്തരവാദിത്വബോധത്തോടും ഭംഗിയായും നിർവ്വഹിക്കുകയുണ്ടായി. മൂസിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം പല വിവാഹങ്ങളും ചെയ്തിട്ടുണ്ട്. ഇപ്പോൾ മൂന്ന് ഭാര്യമാരും 14 മക്കളുമുണ്ട്. 8 ആൺ കുട്ടികളും 6 പെൺകുട്ടികളുമാണുള്ളത്. സംതപ്ത കുടുംബാംഗങ്ങൾക്ക് അല്ലാഹു ക്ഷമ നൽകുമാറാകട്ടെ. അല്ലാഹു ബാറൂദ് സാഹിബിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. നന്മ നിറഞ്ഞവരും നല്ലവരുമായ ദീനീസേവകൾ അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്നും ഉണ്ടാകുമാറാകട്ടെ

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 June 10 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: Rahmath Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**